# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5978 — 19/11/2019-ൽ മറുപടിക്ക്

## കോതമംഗലം സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി

| | ചോദ്യം<br>**ശ്രീ.ആന്റണി ജോൺ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടേയും അനുബന്ധ ലൈനിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) & (സി) | കോതമംഗലം സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ നിർമ്മാണം 85% പൂർത്തിയായി. 100 MVA ട്രാൻസ്ഫോർമറും ഒരു 250 KVA ഓക്സിലറി ട്രാൻസ്ഫോർമറും സ്ഥാപിച്ചു എക്യുപ്മെന്റ് സ്ട്രച്ചറിന്റെയും DG സെറ്റ്, പവർ ട്രാൻസ്ഫോർമർ എന്നിവയുടേയും ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായി. കേബിൾ ട്രഞ്ച് റോഡ്, എർത്ത് മാറ്റ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>അനുബന്ധ ലൈനായ 3.6 കി.മീ 220/110 KV MCMV കറുകടം – കോതമംഗലം ലൈനിന്റെ നിർമ്മാണം പൂർത്തിയായി. നിലവിലുള്ള 66 കെ.വി പള്ളിവാസൽ - ആലുവ ലൈൻ 220/110 കെ.വി ലൈനാക്കി, കോതമംഗലത്തേയ്ക്ക് എത്തിക്കുന്നുണ്ട്. അതിൽ കോതമംഗലത്തേയ്ക്ക് LILO (Line in and Line out) ആയി ഇറക്കുന്ന 1.9 കി.മീ. ഭാഗം പൂർത്തിയായിട്ടുണ്ട്. നിലവിൽ ഈ ലൈൻ 66 കെ.വി ശേഷിയിൽ പ്രസരണം നടത്തിവരുന്നു. പ്രസ്തുത ലൈനിന്റെ നിർമ്മാണം കഴിയുമ്പോൾ ഉയർന്ന ശേഷിയിൽ പ്രസരണം നടത്തുന്നതാണ്.<br>കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് 63.6 കോടി രൂപയും അതിന് അനുബന്ധ ലൈനുകളായ കറുകടം – കോതമംഗലം 220/110 KV MCMV ലൈനിന് 262 കോടി രൂപയുമാണ് നടത്തിപ്പിനായി പ്രതീക്ഷിക്കുന്നത് |
| (സി) | സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ; എത്ര തുകയുടെ പദ്ധതിയാണ് അവിടെ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (ബി) | നിലവിൽ സബ് സ്റ്റേഷന്റെ ശേഷി എത്രയാണെന്നും, ആയത് എത്രയായിട്ടാണ് വർദ്ധിപ്പിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | നിലവിൽ സബ്സ്റ്റേഷന്റെ ശേഷി 66 കെ.വിയാണ്. 220 കെ.വി ആയാണ് ശേഷി ഉയർത്തുന്നത്. |

| | | | |
|---|---|---|---|
| (ഡി) | മുഴുവൻ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് അറിയിക്കാമോ? | (ഡി) | കോതമംഗലം സബ്സ്റ്റേഷന്റേയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം 2020 ഫെബ്രുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ